പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 460

27.02.2018 - ൽ മറുപടിക്ക്.

## വ്യവസായ സമുച്ചയത്തിന്റെ രണ്ടാം ഘട്ടം

ചോദ്യം
ശ്രീ. സി. ദിവാകരൻ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ സമുച്ചയത്തിന്റെ രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) : തിരുവനന്തപുരം ജില്ലയിൽ വേളി 1, വേളി -2 എന്നീ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (ബി) : വേളി-1 ബഹുനില വ്യവസായ സമുച്ചയത്തിന് 12.5 കോടി രൂപയും വേളി-2 ബഹുനില വ്യവസായ സമുച്ചയത്തിന് 23.5 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. രണ്ട് സമുച്ചയങ്ങളുടെയും നിർമ്മാണം 2019 ജൂൺ മാസം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) നിർമ്മാണം പൂർത്തിയാകുമ്പോൾ എത്ര വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തിക്കാനുള്ള ഭൗതിക സാഹചര്യം ഉണ്ടാകുമെന്നും ഇതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (സി) : നിർമ്മാണം പൂർത്തിയാകുമ്പോൾ വേളി-1 സമുച്ചയത്തിൽ 20 സംരംഭങ്ങളും വേളി-2 സമുച്ചയത്തിൽ 62 സംരംഭങ്ങളും ചേർത്ത് ആകെ 82 സംരംഭങ്ങൾ പ്രവർത്തിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാൻ കഴിയും. ഇതുവഴി 450 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

ജക/23/02